(ii) ഇ്റാഖ്

മംഗോളിയൻ ആക്രമണത്തെത്തുടർന്ന് 656/1258-ൽ അബ്ബാസീ സാമ്രാജ്യം തകർന്നു. ഇറാഖിൽ മംഗോളുകളുടെ ഭരണം ആരംഭിച്ചു. ആദ്യം അവരിലെ ഈൽഖാനി വംശം ഇറാൻ കേന്ദ്രമാക്കി ഇറാഖ് ഭരിച്ചു. പിന്നീട് 1340 മുതൽ 1401 വരെ ജലാഇർ വംശത്തിന്റെ ഭരണമായിരുന്നു ഇറാഖിൽ. പിന്നീട് തുർകികൾ അധികാരത്തിൽ വന്നു. ഇടയ്ക്ക് തുർകികളെ തോല്പിച്ച് 1621 മുതൽ 1631 വരെ സ്വഫവികൾ ഇറാഖ് ഭരിച്ചു. തുർകി ഖിലാഫതിന്റെ പതനത്തിന് മുമ്പേ 1918-ൽ ഇറാഖ് ബ്രിട്ടീഷുകാരുടെ കോളനിയായി.

ബഗ്ദാദിന്റെ ഉയർച്ച മുതൽ ഉഥ്മാനീ ഖിലാഫതിന്റെ പതനം വരെ മംഗോളുകളുടെ ആദ്യകാല ഭരണകർത്താക്കളിൽ ചിലരുടെ കാലമൊഴിച്ചാൽ നിരവധി നൂറ്റാണ്ടുകാലം ഇറാഖ് മുസ്‌ലിം ഭരണത്തിലായിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെ വിളനിലമായ ആദ്യകാല ഇറാഖും ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ കേന്ദ്രമായ ബഗ്ദാദും കാലക്രമത്തിൽ മൺമറഞ്ഞ് പോയി. 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ബ്രിട്ടീഷ് കോളനിയായി മാറിയ ഇറാഖ് 1932 ഒക്ടോബർ 3-ന് സ്വതന്ത്രമായി. അവിടന്നിങ്ങോട്ടുള്ള സംഭവവികാസങ്ങൾ ആധുനിക ഇറാഖിന്റെ ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു.